കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വെളിയങ്കോട് ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാന നിർമ്മാണത്തിന് അനുമതി നൽകിക്കൊണ്ട് അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1010/13/തസ്വഭവ    തിരുവനന്തപുരം, തീയതി: 16/04/2013.

പരാമർശം: 1) മലപ്പുറം ജില്ലാ കളക്ടറുടെ 07.04.2012-ലെ എൽ4-41967/09 നമ്പർ കത്ത്.
2) വെളിയങ്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 02.05.2012-ൽ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3) ശ്രീ. കൈതവളപ്പിൽ അടിമു മുതൽപേർ ബഹു: ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത **WP(C)No.**12685/12-ന്റെ 18.12.2012-ലെ വിധിന്യായം.

<u>ഉത്തരവ്</u>

വെളിയങ്കോട് ഗ്രാമപഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുന്ന തിനായി 15 സെന്റ് റവന്യൂ ഭൂമി റവന്യൂ വകുപ്പ് 05.12.2007-ലെ സ.ഉ(കൈ) നം.427/07/റവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് ഒരു പൊതുശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ അനുമതിക്കായി 07.04.2008-ൽ ഗ്രാമപഞ്ചായത്ത് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി. എന്നാൽ ശ്മശാനം സംബന്ധിച്ച് അന്വേഷണം നടത്തിയ പൊന്നാനി തഹസിൽദാർ 06.03.2009-ൽ ടി സ്ഥലത്തിന് സുമാർ 45 മീറ്ററിൽ അടിമു എന്നയാളുടെ വീടും സ്ഥലവും ഉള്ളതായി പറഞ്ഞുകൊണ്ടുതന്നെ ടി സ്ഥലത്ത് ശ്മശാനം അനുവദിക്കാവുന്നതാണ്, ഈ വിഷയത്തിൽ ആരിൽ നിന്നും ആക്ഷേപമൊന്നും ഉണ്ടായിട്ടില്ലായെന്ന് റിപ്പോർട്ടു നൽകിയപ്പോൾ, 29.07.2009-ലെ കത്ത് പ്രകാരം ജില്ലാ കളക്ടർ ടി സ്ഥലത്തിന്റെ 50 മീറ്റർ ചുറ്റളവിൽ ശ്രീ. അടിമു എന്നയാളുടെ വീട് സ്ഥിതി ചെയ്യുന്നതിനാൽ ചട്ടപ്രകാരം ശ്മശാനം ആരംഭിക്കുന്നതിന് അനുമതി നിഷേധിച്ചു.

2) ജില്ലാ കളക്ടറുടെ മുൻപാകെ ഇതിനെതിരെ 09.09.2009-ൽ ഗ്രാമപഞ്ചായത്ത് അപ്പീൽ സമർപ്പിച്ചപ്പോൾ കളക്ടർ തിരൂർ ആർ.ഡി.ഒ-യെ കൊണ്ട് സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ട പ്രകാരം 05.11.2009-ൽ ആർ.ഡി.ഒ റിപ്പോർട്ട് സമർപ്പിച്ചു. ആയതിൽ അടിമു എന്നയാളിന്റെ നിർമ്മാണത്തിലിരിക്കുന്ന വീട് ശ്മശാന ഭൂമിയിൽ നിന്നും 51 മീറ്റർ ദൂരെയാണെന്നും 47 മീറ്റർ ദൂരെയുള്ളത് ഒരു താൽക്കാലിക ഷെഡാണെന്നും റിപ്പോർട്ട് ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ശ്മശാനത്തിന് അനുയോജ്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുമുണ്ട്.

3) ശ്മശാനം ആരംഭിക്കുന്നതിന്റെ മുന്നോടിയായി ആക്ഷേപം ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം 01.02.2010-ലെ മലയാളമനോരമ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ആയതിന് പ്രതികരണമായി ശ്രീ. കോമുണ്ടത്തിൽ അബ്ബു തുടങ്ങി 10 പേർ ആക്ഷേപം സമർപ്പിക്കുകയും ചെയ്തിരുന്നു.

4) ജില്ലാ കളക്ടർ പരാതിക്കാരെ നേരിൽ കേട്ടതിനു ശേഷം സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ വീണ്ടും പൊന്നാനി തഹസീൽദാരെ ചുമതലപ്പെടുത്തി. 18.01.2012-ൽ പൊന്നാനി അഡീ. തഹസീൽദാർ നിർദ്ദിഷ്ട ശ്മശാന ഭൂമിയുടെ 50 മീറ്റർ ദൂര പരിധിക്കുള്ളിൽ താമസഗൃഹം, കിണർ എന്നിവ ഉണ്ടെന്ന് റിപ്പോർട്ട് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ജില്ലാ കളക്ടർ പരാമർശം (1)-ലെ കത്ത് പ്രകാരം ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി നൽകുവാൻ നിർവ്വാഹമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു.

5) ഇതിനെതിരെ ഗ്രാമപഞ്ചായത്ത് 02.05.2012-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ പരാമർശം (2) പ്രകാരം അപ്പീൽ സമർപ്പിച്ചു. ഇതേ തുടർന്ന് 26.06.2012-ൽ ജില്ലാ കളക്ടർ പ്രസ്തുത സ്ഥലം നേരിൽ പരിശോധിച്ചു സമർപ്പിച്ച റിപ്പോർട്ടിൽ, അടിമുവിന്റെ കോൺക്രീറ്റ് വീട്ടിലേക്ക് ശ്മശാനത്തിൽ നിന്നും 50 മീറ്ററിൽ കൂടുതൽ ദൂരം ഉണ്ടെന്നും 47.2 മീറ്റർ ദൂരത്തിലുള്ളത് ഒരു ചെറിയ ഓലഷെഡ്ഡാണെന്നും, ടി താൽക്കാലിക ഷെഡ്ഡ് പാചകാവശ്യത്തിന് മാത്രം ഉപയോഗിച്ചു വരുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

6) എന്നാൽ വടക്കുമൂലയിൽ നിന്നും അളന്നിട്ടുള്ള ഒരു കുളം 46.5 മീറ്ററിലും തെക്ക് കിഴക്കേ മൂലയിലുള്ളത് 48.4 മീറ്ററിലുമാണെന്നും, മറ്റു കുളങ്ങൾ എല്ലാം 50 മീറ്ററിൽ കൂടുതൽ ദൂരെയാണെന്നും കാണുന്നു. ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിലും, ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിലും 50 മീറ്റർ ചുറ്റളവിൽ കുടിവെള്ള സ്രോതസ്സില്ലായെന്ന് വ്യക്തമാണ്. അതുകൊണ്ടുതന്നെ 50 മീറ്ററിനുള്ളിലുള്ളവ ഉപയോഗശൂന്യമായ കിണറുകളാണെന്ന് അനുമാനിയ്ക്കാവുന്നതാണ്.

7) **WP(C)No.** 12685/12 നമ്പരായി ശ്രീ. അടിമു ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന പൊതു താൽപര്യ ഹർജി 18.02.2012-ൽ താഴെപ്പറയും പ്രകാരം അവസാനിപ്പിച്ചുകൊണ്ട് തീർപ്പായിട്ടുണ്ട്.

**" If he is personally aggrieved, contending that no norms or conditions under the statute are followed for the proposed burial ground he is at liberty to seek redressal by filing a writ petition and not a Public Interest Litigation. With these observation, this writ petition is dismissed".**

8) പൊതുശ്മശാനം പണിയുന്നതിനായി വെളിയങ്കോട് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ കൂടുതലായൊന്നും ഹിയറിംഗിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ, സെക്രട്ടറിയോ, മലപ്പുറം കളക്ടറേറ്റ് ജൂനിയർ സൂപ്രണ്ടോ ബോധിപ്പിയ്ക്കുകയുണ്ടായില്ല. ശ്മശാന നിർമ്മാണത്തിന് എതിരെ കേസ്സ് ഫയൽ ചെയ്ത അടിമു, ക്ഷണിച്ചിട്ടും ഹിയറിംഗിന് ഹാജരായിട്ടില്ല.

9) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും, നേരിൽ കേട്ടതിലും, ശ്മശാനത്തിന് 47.2 മീറ്റർ ദൂരെയുള്ള അടിമുവിന്റെ താൽക്കാലികമായ (പാചകത്തിന് മാത്രം ഉപയോഗിക്കുന്ന) ഓലഷെഡിന്റെ കാരണം പറഞ്ഞ് 2007 മുതൽ വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന പൊതുശ്മശാനത്തിന്റെ നിർമ്മാണം നിഷേധിയ്ക്കേണ്ട കാര്യമില്ലായെന്ന് സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി. തീരുമാനിച്ചു. ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി പൊതുശ്മശാനം ഉണ്ടായിരിക്കേണ്ട ആവശ്യകതയുടെ അടിസ്ഥാനത്തിലും ആയത് സർക്കാർ നയമാണെന്നതിനാലും, 07.07.2012-ലെ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ടും 18.02.2012-ലെ **WP(C)No.**12685/12 വിധിന്യായവും കണക്കിലെടുത്തും വെളിയങ്കോട് ഗ്രാമപഞ്ചായത്തിന് പൊതു ശ്മശാനം നിർമ്മിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവായിക്കൊണ്ട് വെളിയങ്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റീത്ത എസ്. പ്രഭ
ഗവ. അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( ഉപരിപത്രം സഹിതം)
ജില്ലാ കളക്ടർ, മലപ്പുറം.
സെക്രട്ടറി/പ്രസിഡന്റ്, വെളിയങ്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ശ്രീ. കൈതവളപ്പിൽ അടിമു, എരമംഗലം അംശം, പെരുമുടിശ്ശേരി ദേശം,
പൊന്നാനി താലൂക്ക്, മലപ്പുറം.
ശ്രീ. ചെറാട്ടി ഷൺമുഖൻ, എരമംഗലം അംശം, പെരുമുടിശ്ശേരി ദേശം,
പൊന്നാനി താലൂക്ക്, മലപ്പുറം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അണ്ടർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്.